ഉത്തരം

(എ) പോലീസ് നവീകരണ പദ്ധതിപ്രകാരം ചിറ്റാരിക്കൽ പ്രദേശത്ത് സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്.

തടവുകാരുടെ പ്രശ്നങ്ങൾ

126 (804) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി ഇപ്പോൾ ആകെ എത്ര തടവുകാരെയാണ് പാർപ്പിച്ചിട്ടുള്ളതെന്നും ഇതിൽ വിചാരണ തടവുകാർ, ജീവപര്യന്തം തടവുകാർ എന്നിവരുടെ ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ജയിലുകളിലെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ജയിലുകളിൽ ഉണ്ടാകാറുള്ള മനുഷ്യാവകാശ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി (2003 ജൂൺ 1-ന്) ആകെ 5355 തടവുകാർ ഉണ്ടായിരുന്നു. അവരിൽ 5162 പേർ പുരുഷൻമാരും 193 പേർ സ്ത്രീകളുമാണ്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	പുരുഷന്മാർ	സ്ത്രീകൾ	ആകെ
ജീവപര്യന്തം തടവുകാർ	768	26	794
മറ്റു തടവുകാർ	1049	42	1091
ആകെ ശിക്ഷാതടവുകാർ	1817	68	1883
വിചാരണ തടവുകാർ	3345	125	3470
ആകെ തടവുകാർ	5162	193	5355

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ദേശീയ വനിതാ കമ്മിഷൻ ചെയർപേഴ്സൺ ശ്രീമതി (ഡോക്ടർ) പൂർണ്ണിമ അദ്വാനി 2003 മാർച്ച് മാസം കോഴിക്കോട് ജില്ലാ ജയിലും വൈത്തിരി സബ്ജയിലും സന്ദർശിച്ച് സ്ത്രീകളുടെ സെല്ലിൽ കൂടുതൽ വെളിച്ചം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് സ്ത്രീകളെ പാർപ്പിച്ചിട്ടുള്ള എല്ലാ സെല്ലിലും ട്യൂബ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. വൈത്തിരി സബ്ജയിലിൽ താലൂക്ക് ആശുപത്രിയിലെ ഡോക്ടർ രണ്ടാഴ്ചയിൽ ഒരു ദിവസം വന്ന് രോഗികളെ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ആവശ്യമുള്ള ഘട്ടത്തിൽ തടവുകാരെ സ്ത്രീരോഗവിദഗ്ദ്ധരുടെ അടുത്ത് കൊണ്ടുപോയി വേണ്ട ചികിത്സ നൽകുന്നുണ്ട്. കോഴിക്കോട് ജില്ലാ ജയിലിൽ തടവുകാരെ പരിശോധിച്ച് വേണ്ട ചികിത്സ നൽകുന്നതിനായി ആഴ്ചയിൽ മൂന്നു ദിവസം ജില്ലാ ആശുപത്രിയിൽ നിന്നും ഡോക്ടർ വന്നു പോകുന്നുണ്ട്. ടി ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് വിദഗ്ദ്ധ ചികിത്സക്കായി തടവുകാരെ ജില്ലാ ആശുപത്രിയിലോ മെഡിക്കൽ കോളേജിലോ അയച്ച് ചികിത്സ നൽകുന്നുണ്ട്. അത്യാവശ്യ സാഹചര്യത്തിൽ തടവുകാരികളെ സ്ത്രീരോഗവിദഗ്ദ്ധരുടെ അടുത്തോ ജില്ലാ ആശുപത്രിയിലോ അയച്ച് വേണ്ട വൈദ്യസഹായം നൽകിവരുന്നുണ്ട്.

(ഡി) സംസ്ഥാന ജയിലുകളിലെ മനുഷ്യാവകാശ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും ദേശീയ മനുഷ്യാവകാശ കമ്മീഷനും ശ്രദ്ധ പുലർത്തുന്നുണ്ട്. ടി കമ്മീഷനുകൾ ജയിലുകൾ സന്ദർശിക്കുന്ന അവസരങ്ങളിൽ വകുപ്പിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യങ്ങളിന്മേലും ശുപാർശകളിന്മേലും അനന്തര നടപടികൾ സ്വീകരിക്കാറുണ്ട്. 1980 മുതൽ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ജയിലുകളിൽ പരാതിപ്പെട്ടികൾ വച്ചിട്ടുണ്ട്. സെൻട്രൽ ജയിലുകളിൽ എല്ലാ ബ്ലോക്കിലും സബ്ജയിലുകളിൽ തടവുകാർക്ക് സൗകര്യപ്രദമായി പരാതികൾ നിക്ഷേപിക്കാവുന്ന തരത്തിലും പരാതിപ്പെട്ടികൾ സൂക്ഷിച്ചുവരുന്നു. ഈ പരാതിപ്പെട്ടികളുടെ താക്കോൽ അതതു സെഷൻസ് ജഡ്ജിയാണ് സൂക്ഷിച്ചു വരുന്നത്. ഇദ്ദേഹം ഒരു നിശ്ചിത ദിവസം പ്രസ്തുത പെട്ടി കോടതി ഓഫീസിൽ വരുത്തി സീൽ പൊട്ടിച്ച് പരാതികൾ സ്വീകരിക്കുകയും പരാതികൾ വായിച്ചു മനസ്സിലാക്കിയശേഷം ജയിൽ എ.ഡി.ജി.പി./ഹൈക്കോടതി/സർക്കാർ തുടങ്ങിയവർക്ക് സത്വരനടപടികൾ സ്വീകരിക്കുന്നതിനായി അയച്ചുകൊടുത്തു വരുന്നു. സെൻട്രൽ ജയിൽ സൂപ്രണ്ട് മറ്റ് എല്ലാ ഓഫീസർമാരുമായി തിങ്കളാഴ്ച എല്ലാ തടവുകാരെയും അതാതു ബ്ലോക്കുകളിൽ പോയി കണ്ട് പരാതികൾ ശേഖരിക്കുകയും ജയിലിൽ നിന്നും ചെയ്യാവുന്ന പരിഹാരങ്ങൾ ചെയ്തുകൊടുക്കുകയും സർക്കാരിന്റെയോ കോടതിയുടേയോ ഹെഡ് ഓഫീസിന്റെയോ ശ്രദ്ധയിൽപ്പെടുത്തേണ്ടത് അപ്രകാരം ചെയ്ത് പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. മറ്റു ജയിലുകളിൽ ജയിൽ സൂപ്രണ്ട് എല്ലാ ദിവസവും തടവുകാരെ സന്ദർശിച്ച് പരാതികൾക്ക് പരിഹാരം കാണാറുണ്ട്. സെഷൻസ് ജഡ്ജ്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ജില്ലാകളക്ടർ,

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുതലവൻ, സോണൽ ഡി.ഐ.ജി.മാർ തുടങ്ങിയവർ ജയിലുകൾ അടിക്കടി സന്ദർശിച്ച് പരാതികൾക്ക് പരിഹാരം ചെയ്തു കൊടുക്കാറുണ്ട്. സ്ത്രീകൾ ജയിലുകളിൽ അനുഭവിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിനായി സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശ അനുസരിച്ച് ജി.ഒ.(എം.എസ്.) 194/2002/ആഭ്യന്തരം തീയതി 30-11-2002 നമ്പർ സർക്കാർ ഉത്തരവുപ്രകാരം സുപ്രണ്ട് ഓഫ് പോലീസ് (വനിതാ സെൽ തിരുവനന്തപുരം) ചെയർമാനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ജയിൽ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴിയുള്ള നിയമനം

127 (806) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴി ഡെപ്യൂട്ടി ജയിലർ തസ്തികയിലേയ്ക്ക് നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നവരെയാണ് ഡെപ്യൂട്ടി ജയിലർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 എന്നീ തസ്തികകളിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴി നിയമിക്കുന്നതിനായി പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മിനിസ്റ്റീരിയൽ സ്റ്റാഫിനെ ട്രാൻസ്ഫർ ഓഫ് സർവ്വീസ് മുഖേന എക്സിക്യൂട്ടീവ് വിഭാഗത്തിലേയ്ക്ക് നിയമനം നൽകുമ്പോൾ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് നടത്താറുണ്ടോ ;

(ഡി) റേഷ്യോ പ്രൊമോഷൻ സംബന്ധിച്ച 1959-ലെ കേരള ജയിൽ സബോഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്തുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) സെൻട്രൽ ജയിൽ സൂപ്രണ്ട് തസ്തികയിലേയ്ക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് ട്രാൻസ്ഫർ ഓഫ് സർവ്വീസ്വഴി നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 മുതൽ ഡി.ഐ.ജി. വരെയുള്ള ഉദ്യോഗസ്ഥരിൽ പി.എസ്.സി. മിനിസ്റ്റീരിയൽ, വാർഡർ എസ്റ്റാബ്ലിഷ്മെന്റ് എന്നീ വിഭാഗത്തിൽ നിന്നും വന്നിട്ടുള്ളവരുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകുമോ ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും നാളിതുവരെ ഒരാൾക്ക് മാത്രമാണ് ട്രാൻസ്ഫർ ഓഫ് സർവ്വീസ്വഴി ഡെപ്യൂട്ടി ജയിലറായി നിയമനം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly